# കൃഷി വിജ്ഞാന കേന്ദ്രം - ആലപ്പുഴ

## ICAR-KRISHI VIGYAN KENDRA - ALAPPUZHA

കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം പ്രാദേശിക കേന്ദ്രം, കായംകുളം – 690 533, കേരളം

വാർത്താപത്രിക

NEWSLETTER

Vol. 15 Issue 03
വാല്യം 15 ലക്കം 03

July - September 2016
ജൂലൈ – സെപ്റ്റംബർ 2016





**കെ. വി.കെയുമായി ബന്ധപ്പെടാൻ...**

ഹെഡ്, കൃഷി വിജ്ഞാന കേന്ദ്രം-ആലപ്പുഴ,
സി.പി.സി.ആർ.ഐ.(ആർ.എസ്.),
കായംകുളം, കൃഷ്ണപുരം പി.ഒ.-690533.
ഫോൺ/ ഫാക്സ്: 0479 2449268.
Email: kvkalapuzha@gmail.com
www.kvkalappuzha.org


കെ.വി.കെയുടെ വിവിധ പ്രവർത്തനങ്ങളെക്കുറിച്ചറിയാൻ ഈ QR Code സ്കാൻ ചെയ്യൂ.

## കർഷകമേളയും കാർഷിക പ്രദർശനവും സംഘടിപ്പിച്ചു



നാളികേര ഗവേഷണത്തിന്റെ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിന്റെ കായംകുളം പ്രാദേശിക കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ജില്ലാ കൃഷി വിജ്ഞാനകേന്ദ്രത്തിന്റെ സഹകരണത്തോടെ സെപ്തംബർ 29,30 തീയതികളിൽ കർഷക മേളയും കാർഷിക പ്രദർശനവും സംഘടിപ്പിച്ചു. ബഹു. ആലപ്പുഴ എം.പി ശ്രീ.കെ.സി.വേണുഗോപാൽ അവർകളുടെ അദ്ധ്യക്ഷതയിൽ കേന്ദ്ര കൃഷി-കർഷകക്ഷേമ വകുപ്പ് മന്ത്രി ഡോ.രാധാമോഹൻ സിംഗ് മേളയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. നശിച്ചുകൊണ്ടിരിക്കുന്ന മണ്ണിന്റെ ഫലഭൂയിഷ്ടതയും ജീവനും തിരിച്ചെടുക്കാനുള്ള മണ്ണ് പരിപോഷണ പദ്ധതികൾ നടപ്പാക്കണമെന്നും മണ്ണിനെ അറിഞ്ഞ് കൃഷി ചെയ്യാൻ ഉതകുന്ന രീതിയിൽ രണ്ട് വർഷത്തിനകം രാജ്യത്തെ എല്ലാ കർഷകർക്കും മണ്ണ് പരിപോഷണ കാർഡ് നൽകുമെന്നും അദ്ദേഹം ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു.



ചടങ്ങിൽ സംസ്ഥാന കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മന്ത്രി അഡ്വ. വി.എസ്.സുനിൽ കുമാർ കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിന്റെ വിവിധ പ്രസിദ്ധീകരണങ്ങളുടെ പ്രകാശനം നിർവ്വഹിച്ചു.

സംസ്ഥാന കാർഷികോല്പാദനകമ്മീഷണർ രാജു നാരായണ സ്വാമി, കൃഷി ഡയറക്ടർ ബിജു പ്രഭാകർ, നാളികേര വികസനബോർഡ് അംഗം പി.ആർ.മുരളി, സി.പി.സി.ആർ.ഐ ഡയറക്ടർ ഡോ. പി.ചൗഡപ്പ, പ്രാദേശിക കേന്ദ്രം മേധാവി ഡോ. വി. കൃഷ്ണകുമാർ എന്നിവർ തദവസരത്തിൽ സന്നിഹിതരായിരുന്നു.

ഇതിനോടനുബന്ധിച്ച് ഭാരതീയ കാർഷിക ഗവേഷണ കൗൺസിൽ സ്ഥാപനങ്ങൾ, കേരളത്തിലെ കൃഷി വിജ്ഞാനകേന്ദ്രങ്ങൾ, കേരള കാർഷിക സർവ്വകലാശാല, സംസ്ഥാന കാർഷിക വിസകന കർഷക ക്ഷേമ വകുപ്പ്, നാളികേര വികസനബോർഡ്, മറ്റു കാർഷിക അനുബന്ധ ഏജൻസികൾ എന്നിവയെ ഏകോപിപ്പിച്ചു കൊണ്ട് കാർഷിക പ്രദർശനവും സംഘടിപ്പിച്ചു. സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിൽ നിന്നുള്ള 3000 ത്തോളം കർഷകരും 20 തോളം വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളും കാർഷിക പ്രദർശനസ്റ്റോളുകൾ സന്ദർശിച്ചു.



കാർഷിക പ്രദർശനം ബഹു. കേന്ദ്ര മന്ത്രി ഡോ. രാധാ മോഹൻ സിംഗ് ഉദ്ഘാടനം ചെയ്യുന്നു.



ബഹു. കേന്ദ്ര മന്ത്രി കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ കാർഷിക പ്രദർശന സ്റ്റോൾ സന്ദർശിക്കുന്നു.

## വാർഷിക പ്രവർത്തനങ്ങൾക്ക് ആര്യാട് ബ്ലോക്കിൽ തുടക്കം കുറിച്ചു



ബഹു. സംസ്ഥാന ധനകാര്യവകുപ്പ് മന്ത്രി ഡോ. ടി.എം. തോമസ് ഐസക്ക് ഉദ്ഘാടനം നിർവ്വഹിക്കുന്നു.

കൃഷി വിജ്ഞാനകേന്ദ്രം 2016-17 സാമ്പത്തിക വർഷത്തിൽ മണ്ണഞ്ചേരി, മാരാരിക്കുളം തെക്ക് പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന വിവിധ പ്രവർത്തനങ്ങളുടെ ഔപചാരികമായ ഉദ്ഘാടനം 2016 ജൂലൈ 30 ന് ആര്യാട് ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ജി.വേണുഗോപാലിന്റെ അദ്ധ്യക്ഷതയിൽ സംസ്ഥാന ധനകാര്യ വകുപ്പ് മന്ത്രി ഡോ. ടി.എം. തോമസ് ഐസക്ക് നിർവ്വഹിച്ചു. കാർഷിക സാങ്കേതിക വിദ്യകളുടെ പ്രചരണത്തോടൊപ്പം അവയുടെ പരീക്ഷണത്തിനും മുൻതൂക്കം നൽകുന്ന കൃഷി വിജ്ഞാനകേന്ദ്രം കാർഷിക മേഖലയുടെ സമഗ്ര വികസനത്തിന് ഉതകുന്ന ഏജൻസിയാണെന്ന് ഏവർക്കും ബോധ്യപ്പെട്ടിട്ടുള്ളതാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.



കേന്ദ്ര കിഴങ്ങ് വിള ഗവേഷണ സ്ഥാപനത്തിന്റെ സാങ്കേതിക സഹായത്തോടെ കെ.വി.കെ തയ്യാറാക്കിയ വാഴയുടെ തടപ്പുഴു നിയന്ത്രണത്തിനുപയോഗിക്കുന്ന "നന്മ" എന്ന ജൈവകീടനാശിനിയുടെ ആദ്യ വില്പനയും കെ.വി.കെ യുടെ വാർത്താ പത്രിക (വാല്യം 15(2) യുടെ പ്രകാശ

നവും തദവസരത്തിൽ ബഹു. മന്ത്രി നിർവ്വഹിച്ചു.

കൃഷി വിജ്ഞാനകേന്ദ്രം ഈ വർഷം നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ ഭാഗമായി വാഴയിൽ പ്രയോഗിക്കാവുന്ന “അയർ” എന്ന സൂക്ഷ്മ മൂലക വളക്കൂട്ടും, “അസീൽ” എന്ന പോരുകോഴിയിനവും തദവസരത്തിൽ പങ്കാളികളായ കർഷകർക്ക് ബഹു. ധനകാര്യമന്ത്രി കൈമാറി. ലോകപരിസ്ഥിതി ദിനാഘോഷത്തിന്റെ ഭാഗമായി കലവൂർ സർക്കാർ ഹയർ സെക്കൻഡറി സ്കൂളിൽ സംഘടിപ്പിച്ച പ്രശ്നോത്തരിയിലെ വിജയികൾക്ക് സമ്മാനദാനവും അദ്ദേഹം നിർവ്വഹിച്ചു.

കാർഷിക രംഗത്തെ കാലാനുസൃതമായ മാറ്റങ്ങൾക്ക് വേണ്ടി കൃഷിയിലെ കൂട്ടായ്മ, കാർഷിക വിളകളുടെ മൂല്യവർദ്ധനം എന്നിവയ്ക്ക് ഊന്നൽ നൽകണമെന്ന് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ജി.വേണുഗോപാൽ അഭിപ്രായപ്പെട്ടു. കൃഷി



വിജ്ഞാനകേന്ദ്രം മേധാവി ഡോ.പി.മുരളീധരൻ പദ്ധതി വിശദീകരണം നടത്തി.

അഡ്വ. ഷീന സനൽകുമാർ (ആര്യാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്), ശ്രീമതി. ഇന്ദിര തിലകൻ (മാരാരിക്കുളം തെക്ക് പഞ്ചായത്ത് പ്രസിഡന്റ്), ശ്രീമതി. പി.എ.ജുമൈലത്ത് (ആലപ്പുഴ ജില്ലാ പഞ്ചായത്തംഗം), ശ്രീ.ജയൻ തോമസ് (ആര്യാട് ബ്ലോക്ക് പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ), ശ്രീ. ജയമോഹൻ (മാരാരിക്കുളം തെക്ക് പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ) ഡോ.വി. കൃഷ്ണകുമാർ (ഹെഡ്, സി.പി.സി.ആർ.ഐ കായംകുളം), ശ്രീ.എസ്.ഡി.വേണുകുമാർ (ചീഫ് റിപ്പോർട്ടർ, മാതൃഭൂമി, ആലപ്പുഴ), ശ്രീമതി. കെ.എസ്.സഫീന(കൃഷി അസി. ഡയറക്ടർ, ആലപ്പുഴ), ശ്രീ.സുരേഷ്.പി.പണിക്കർ (സീനിയർ വെറ്റിനറി സർജൻ, മണ്ണഞ്ചേരി), ശ്രീമതി. എൽ.സുസ്മിത (ക്ഷീര വികസന ഓഫീസർ, ആര്യാട്) ശ്രീ.എം.എസ്.രാജീവ് (എസ്.എം.എസ് കൃഷി വിജ്ഞാനകേന്ദ്രം) തുടങ്ങിയവർ കർഷകരെ അഭിസംബോധനചെയ്തു.

ഇതിനോടനുബന്ധിച്ച് സംഘടിപ്പിച്ച കാർഷിക സെമിനാറിൽ “വിളകളിലെ ജൈവകീട -രോഗ നിയന്ത്രണം” എന്ന വിഷയത്തിൽ കേന്ദ്ര കിഴങ്ങുവിള ഗവേഷണ സ്ഥാപനത്തിലെ സസ്യ സംരക്ഷണ വിഭാഗത്തിന്റെ മേധാവിയും പ്രിൻസിപ്പൽ സയന്റിസ്റ്റുമായ ഡോ. സി.എ.ജയപ്രകാശ്, കെ.വി.കെ. സാങ്കേതിക വിദഗ്ധരായ ശ്രീ. ടി.ശിവകുമാർ, ശ്രീമതി. ലേഖ. ജി എന്നിവർ സംസാരിച്ചു. തുടർന്നുള്ള ചർച്ചയും മുഖാമുഖവും കെ.വി.കെ മേധാവി ഡോ.പി.മുരളീധരൻ ഏകോപിപ്പിച്ചു.

## ശാസ്ത്രോപദേശക സമിതിയോഗം

കൃഷി വിജ്ഞാനകേന്ദ്രത്തിന്റെ 15-ാമത് വാർഷിക ശാസ്ത്രോപദേശക സമിതിയോഗം ആഗസ്റ്റ് 31 ന് സംഘടിപ്പിച്ചു. കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം ഡയറക്ടർ ഡോ.പി.ചൗഡപ്പയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കെ.വി.കെ മേധാവി ഡോ.പി.മുരളീധരൻ കഴിഞ്ഞ ഒരു വർഷത്തെ പ്രധാനപ്രവർത്തനനേട്ടങ്ങളും മുൻ ശാസ്ത്രോപദേശക സമിതിയുടെ ശുപാർശകളിൽ മേലുള്ള നടപടികളും അവതരിപ്പിച്ചു. തുടർന്ന്



വിവിധ മേഖലകളിൽ കൃഷി വിജ്ഞാനകേന്ദ്രം കഴിഞ്ഞ ഒരു വർഷക്കാലം നടത്തിയ പ്രവർത്തനങ്ങളും കൈവരിച്ച നേട്ടങ്ങളും സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റുകൾ അവതരിപ്പിച്ചു.

കേരള കാർഷിക സർവ്വകലാശാല വിജ്ഞാനവ്യാപനവിഭാഗം മേധാവി ഡോ. എസ്. എസ്റ്റലിറ്റ, കൃഷി വിജ്ഞാനകേന്ദ്രങ്ങളുടെ ബാംഗ്ലൂർ സോൺ ആസ്ഥാനത്തിലെ പ്രിൻസിപ്പൽ സയൻറ്റിക് ഡോ.സി.വി.സായ്റാം, കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം, കായംകുളം പ്രാദേശിക കേന്ദ്രം മേധാവി ഡോ. വി.കൃഷ്ണകുമാർ, കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം വിജ്ഞാനവ്യാപനവിഭാഗം മേധാവി ഡോ.സി. തമ്പാൻ, ഓണാട്ടുകര മേഖല കാർഷിക ഗവേഷണ കേന്ദ്രം പ്രോജക്ട് ഡയറക്ടറും മേധാവിയുമായ ഡോ.പി.സുഷമകുമാരി, ആത്മ, ഡെപ്യൂട്ടി പ്രോജക്ട് ഡയറക്ടർ ശ്രീമതി.ഏലിയാമ്മ

വി.ജോൺ, കാർഷിക അനുബന്ധമേഖലയിലെ വിവിധ വകുപ്പുകളുടെ ജില്ലാതല പ്രതിനിധികൾ, പത്തനംതിട്ട കാർഡ് കൃഷി വിജ്ഞാനകേന്ദ്രം മേധാവി ഡോ.സി.പി.റോബർട്ട്, കർഷക പ്രതിനിധികൾ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു. കൃഷി വിജ്ഞാനകേന്ദ്രത്തിന്റെ ഒരു വർഷത്തെ പ്രവർത്തനങ്ങൾ അഭിനന്ദനങ്ങളോടെ വിലയിരുത്തിയ അംഗങ്ങൾ അടുത്ത വർഷത്തേക്ക് മികവേറിയ പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുവാനുള്ള നിർദ്ദേശങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു.

## കെ.വി.കെയ്ക്ക് സംസ്ഥാനതല അംഗീകാരം


ചക്കയിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പ്പന്നങ്ങളുടെ നിർമ്മാണത്തിൽ പരിശീലനം നൽകുക വഴി വിവിധതരം ചക്ക ഉത്പന്നങ്ങൾ



ജനകീയമാക്കുന്നതിലും, സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിലൂടെ കൈവരിക്കുന്ന വരുമാനവർദ്ധനവിനും നൽകിയ സമഗ്ര സംഭാവന കണക്കിലെടുത്ത് കെ.വി.കെ യിലെ ഗൃഹശാസ്ത്ര വിഭാഗം സാങ്കേതിക വിദഗ്ധ ശ്രീമതി. ജിസ്സി ജോർജിനെ ജാക്ക് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ വിഴിഞ്ഞത്ത് സംഘടിപ്പിച്ച ചക്കയുടെ പ്രചാരണ സമ്മേളനത്തിൽ വച്ച് ബഹുമാനപ്പെട്ട കേരള കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മന്ത്രി അഡ്വ. വി.എസ്. സുനിൽ കുമാർ ആദരിച്ചു.

## കൃഷിയിട പരിചയ പരിശീലനം

ഭാരതീയ കാർഷിക ഗവേഷണ കൗൺസിലിൽ പുതുതായി ജോലിയിൽ പ്രവേശിച്ച് ഹൈദരബാദിലെ ദേശീയ കാർഷിക ഗവേഷണ മാനേജ്മെന്റ് അക്കാഡമിയിൽ പരിശീലനം നടത്തിവരുന്ന 7 പുതിയ ശാസ്ത്രജ്ഞർക്ക് 21 ദിവസത്തെ (09-08-2016 മുതൽ 29-08-2016) കൃഷിയിട പരിചയ പരിശീലനം (Field Experience Training) കെ.വി.കെ യുടെ ആഭിമുഖ്യത്തിൽ നൽകുകയുണ്ടായി. ഇതിന്റെ ഭാഗമായി ഭരണിക്കാവ് ഗ്രാമപഞ്ചായത്തിലെ കൃഷി ഭവന്റെയും കർഷകരുടെയും സഹകരണത്തോടെ പഞ്ചായത്തിലെ കാർഷിക-



അനുബന്ധ മേഖലകളെക്കുറിച്ച് പഠനം നടത്തുകയും അതിന്റെ വെളിച്ചത്തിൽ ഒരു ഗ്രാമ കാർഷിക-വികസന രൂപരേഖ തയ്യാറാക്കുകയും ചെയ്തു.

## ദേശീയ പദ്ധതിക്ക് അംഗീകാരങ്ങൾ

ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാനകേന്ദ്രം മുട്ടാർ പഞ്ചായത്തിൽ നടപ്പിലാക്കുന്ന "കാലാവസ്ഥാനുസൃത കൃഷി സമ്പ്രദായങ്ങളുടെ ദേശീയ പദ്ധതി"യിലൂടെയുള്ള പ്രവർത്തനങ്ങളുടെ ഫലമായി വിവിധ അംഗീകാരങ്ങൾ നേടിയെടുത്തു.

- പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ വിവിധ സാങ്കേതിക വിദ്യാ പ്രദർശനപരിപാടികളിലെ പ്രവർത്തനമികവിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുത്ത ശ്രീ.പി.എ.തോമസ്, സ്രാമ്പിക്കൽ, ശ്രീ. സുരേഷ് കുമാർ, കാരുവള്ളിൽ എന്നീ കർഷകരെ പദ്ധതിയുടെ ഏകോപന സ്ഥാപനമായ CRIDA യുടെ സ്ഥാപക ദിനാചാരണത്തോടനുബന്ധിച്ച് 01-04-2016ന്



ഹൈദരാബാദിൽ വച്ച് നടന്ന ചടങ്ങിൽ ആദരിച്ചു.

- പദ്ധതിയുടെ ഭാഗമായി നെൽകൃഷിയിൽ നടപ്പിലാക്കിയ വിവിധ സാങ്കേതിക വിദ്യാ പ്രവർത്തനങ്ങൾ പാഠശേഖരത്തിലുടനീളം വ്യാപിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ മുട്ടാർ പഞ്ചായത്തിലെ മുളവനക്കരി പാഠശേഖരത്തെ ആലപ്പുഴ ജില്ലയിൽ നിന്നുള്ള മികച്ച പാഠശേഖരമായി സംസ്ഥാനസർക്കാരിന്റെ നെൽക്കതിർ അവാർഡിനു നാമനിർദേശം ചെയ്യപ്പെടുകയും തുടർന്ന് സംസ്ഥാനതല വിദഗ്ധ സമിതി പാഠശേഖരം സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

Printed & Published by : Dr. P. Chowdappa, Director, CPCRI, Kasaragod; Co-ordination & Editing : Dr. P. Muralidharan, Principal Scientist & Head; Design, Layout & Compilation: Lekha G; Technical Inputs : Rajeev M.S., Jissy George., T. Sivakumar., Dr. S. Ravi., & Dr. K. Sajnanath Technical Assistance : Arathy Balakrishnan, Ansary K.M, Bijila P.V & Reema Anand.; Photos: E.R. Ashokan & KVK Staff